നം. CEE/4050/2016/ KEAM -2017/ TA.1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## KEAM -2017

## ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ ന്യൂനപക്ഷ (മൈനോറിറ്റി) ക്വാട്ടയിലേയ്ക്കുള്ള പ്രവേശനം വിദ്യാർത്ഥികളിൽ നിന്നും ന്യൂനപക്ഷ സമുദായ സർട്ടിഫിക്കറ്റുകൾ ക്ഷണിച്ചു

03.08.2017 ലെ സർക്കാർ ഉത്തരവ് നം. (സാധാ) 2183/2017/ആ.കു.വ പ്രകാരം സംസ്ഥാനത്തെ ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിൽ പ്രസ്തുത കോളേജ് മാനേജ്മെന്റുകൾ പ്രതിനിധാനം ചെയ്യുന്ന ന്യൂനപക്ഷ സമുദാനത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി നീക്കിവച്ചിട്ടുള്ള എം.ബി.ബി.എസ്/ബി.ഡി.എസ് സീറ്റുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത ന്യൂനപക്ഷ സമുദായം തെളിയിക്കുന്നതിന് റവന്യൂ അധികാരികളിൽ നിന്നും ലഭിക്കുന്ന മൈനോറിറ്റി/കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഹാജരാക്കേണ്ടതുണ്ട്. 08.08.2017 മുതൽ 18.08.2017 വരെ പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന മെഡിക്കൽ/അനുബന്ധ കോഴ്സുകളിലെ രണ്ടാം ഘട്ട കൗൺസിലിംഗിൽ ഈ സീറ്റുകളിലേയ്ക്ക് കോളേജ് മാനേജ്മെന്റ് പ്രതിനിധാനം ചെയ്യുന്ന ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മെറിറ്റിന്റെയും, മൈനോറിറ്റി മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ പ്രവേശനം നൽകുന്നതാണ്.

ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിൽ ന്യൂനപക്ഷ ക്വാട്ടയായി മാറ്റിവച്ചിട്ടുള്ള എം.ബി.ബി.എസ്/ബി.ഡി.എസ് സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന ബന്ധപ്പെട്ട ന്യൂനപക്ഷ സമുദായത്തിലെ വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'KEAM 2017-Candidate Portal'** എന്ന ലിങ്കിലൂടെ അവരവരുടെ ഹോം പേജിൽ പ്രവേശിച്ച് **'Minority Quota'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്യുമ്പോൾ ന്യൂനപക്ഷ വിഭാഗത്തിൽ വരുന്ന സമുദായങ്ങളുടെ പട്ടിക ലഭ്യമാകുന്നതാണ്. ഓരോ സമുദായ വിഭാഗത്തിനും നേരെ അതത് വിഭാഗത്തിൽപ്പെടുന്നതിനുള്ള യോഗ്യത, സമുദായം തെളിയിക്കുന്നതിന് സമർപ്പിക്കേണ്ട രേഖ എന്നിവ കാണിച്ചിട്ടുണ്ട്. അതത് സമുദായത്തിനു നേരെ നൽകിയിട്ടുള്ള കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ പ്രൊഫോർമയുടെയും വിദ്യാർത്ഥിയുടെ വ്യക്തിഗത വിവരങ്ങളുടെ പ്രൊഫോർമയുടെയും പ്രിന്റൗട്ട് എടുത്ത് റവന്യൂ അധികാരികളിൽ നിന്നും സമുദായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങിയ ശേഷം പൂരിപ്പിച്ച വ്യക്തിഗത വിവരങ്ങളുടെ പ്രൊഫോർമയോടൊപ്പം **2017 ആഗസ്റ്റ് 11 വൈകുന്നേരം 5 മണി**ക്ക് മുൻപായി **പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-695001** എന്ന വിലാസത്തിൽ നേരിട്ടോ, രജിസ്റ്റേർഡ് തപാൽ/സ്പീഡ് പോസ്റ്റ് മുഖാന്തിരമോ എത്തിക്കേണ്ടതാണ്. ഒരു പ്രത്യേക ന്യൂനപക്ഷ സമുദായ വിഭാഗത്തിലേയ്ക്ക് പരിഗണിക്കപ്പെടേണ്ട വിദ്യാർത്ഥികൾ അതിലേയ്ക്ക് സമർപ്പിക്കേണ്ടുന്ന സർട്ടിഫിക്കറ്റ് തന്നെ ഹാജരാക്കേണ്ടതാണ്. ആവശ്യമായ രേഖകൾ നിശ്ചിത സമയത്തിനകം ഹാജരാക്കുന്ന വിദ്യാർത്ഥികളെ ഉൾപ്പെടുത്തി താത്കാലിക കാറ്റഗറി ലിസ്റ്റുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതാണ്. താത്കാലിക കാറ്റഗറി ലിസ്റ്റുകൾ സംബന്ധിച്ച അക്ഷേപങ്ങൾ ക്ഷണിച്ച് അവ പരിഗണിച്ച ശേഷം അന്തിമ കാറ്റഗറി ലിസ്റ്റുകൾ അലോട്ട്മെന്റിനു മുൻപായി പ്രസിദ്ധീകരിക്കുന്നതാണ്.

റവന്യൂ അധികാരികളിൽ നിന്നുള്ള സമുദായ സർട്ടിഫിക്കറ്റുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. അപാകതകൾ ഉള്ളതും അപൂർണ്ണവുമായ സർട്ടിഫിക്കറ്റുകൾ പരിഗണിക്കുന്നതല്ല. സർട്ടിഫിക്കറ്റുകൾ/രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അയയ്ക്കുന്നതിനു മുൻപായി സമുദായ സർട്ടിഫിക്കറ്റുകൾ പൂർണ്ണവും, അപാകതകൾ ഇല്ലാത്തതുമാണെന്നും, റവന്യൂ അധികാരികളുടെ ഒപ്പ്, സീൽ എന്നിവ പതിച്ചിട്ടുണ്ടെന്നും വിദ്യാർത്ഥികൾ ഉറപ്പുവരുത്തേണ്ടതാണ്.

**കുറിപ്പ്:–**

1. മുസ്ലീം സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ KEAM 2017 അപേക്ഷയോടൊപ്പം റവന്യൂ അധികാരികളിൽനിന്നുള്ള സർട്ടിഫിക്കറ്റ് സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കോഴ്സുകളിലെ മുസ്ലീം കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടുകയും ചെയ്തിട്ടുള്ള പക്ഷം അവർ വീണ്ടും റവന്യൂ അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതില്ല.
2. മുസ്ലീം മത വിഭാഗത്തിൽപ്പെടുന്നതും മലബാർ പ്രദേശത്തുള്ളതുമായ വിദ്യാർത്ഥികൾ ആ വിഭാഗത്തിനായി നിഷ്കർഷിച്ചിട്ടുള്ള സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന പക്ഷം അവരെ പ്രസ്തുത വിഭാഗത്തിലും പൊതു മുസ്ലീം വിഭാഗത്തിലും ഉൾപ്പെടുത്തുന്നതാണ്. അവർ പൊതു മുസ്ലീം വിഭാഗത്തിന് ലഭ്യമായ മൈനോറിറ്റി സീറ്റുകളിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിനായി പ്രത്യേകം സർട്ടിഫിക്കറ്റുകൾ സമർപ്പിക്കേണ്ടതില്ല.
3. എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലെ മൈനോറിറ്റി ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികളും മറ്റു വിദ്യാർത്ഥികളെപ്പോലെ ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലേയ്ക്ക് ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിക്കുന്ന വേളയിൽ ഓപ്ഷനുകൾ മുൻഗണനാക്രമത്തിൽ സമർപ്പിക്കേണ്ടതാണ്.
4. ന്യൂനപക്ഷ പദവിയുള്ള മറ്റ് മെഡിക്കൽ/ദന്തൽ കോളേജുകളിലെ ന്യൂനപക്ഷ സമുദായം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് അവയിലേയ്ക്കും സമുദായ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കാൻ വിദ്യാർത്ഥികൾക്ക് അവസരം ലഭ്യമാക്കുന്നതാണ്. ഇത് സംബന്ധിച്ച വിജ്ഞാപനങ്ങൾ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

**Help Line Numbers: 0471 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം

07.08.2017

പ്രവേശന പരീക്ഷാ കമ്മീഷണർ